# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 30

# വാർത്താക്കുറിപ്പ്

**(ഈ വാർത്ത - സയൻസിലും സോഷ്യൽ സയൻസിലും നൂതന പഞ്ചവത്സര ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുമായി എം.ജി.- സ്റ്റേറ്റ് എഡിഷനിൽ നൽകണമെന്ന് അഭ്യർഥിക്കുന്നു.)**

## സയൻസിലും സോഷ്യൽ സയൻസിലും നൂതന പഞ്ചവത്സര ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുമായി എം.ജി.

**- സോഷ്യൽ സയൻസിൽ ഇന്റഗ്രേറ്റഡ് പ്രോഗാം കേരളത്തിലാദ്യം**

**- രാജ്യാന്തര നിലവാരമുള്ള പാഠ്യപദ്ധതി**

ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ സംയോജിപ്പിച്ച് സയൻസിലും സോഷ്യൽ സയൻസിലും രാജ്യാന്തര നിലവാരത്തിൽ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എ., എം.എസ് സി. പ്രോഗ്രാമുകൾ ആരംഭിക്കാനൊരുങ്ങി മഹാത്മാഗാന്ധി സർവകലാശാല. ഗവേഷണ മേഖലയെക്കുറിച്ച് ബിരുദതലത്തിൽ തന്നെ അറിവുപകരുകയും രാജ്യാന്തരതലത്തിലുള്ള മികച്ച അധ്യയനസൗകര്യം വിദ്യാർഥികൾക്ക് ലഭ്യമാക്കുകയുമാണ് പ്രോഗ്രാമുകളിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഇതാദ്യമായാണ് സോഷ്യൽ സയൻസിൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാം തുടങ്ങുന്നത്. എം.എസ്സി. ഇന്റഗ്രേറ്റഡ് പ്രോഗ്രാം സർവകലാശാല നടത്തി വന്നിരുന്നു. ഈ പ്രോഗ്രാം കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തി നവീകരിച്ചാണ് പുതിയ പ്രോഗ്രാം തയാറാക്കിയിട്ടുള്ളത്. സർവകലാശാല കാമ്പസിലാണ് പ്രോഗ്രാമുകൾ നടക്കുക.

### ഇന്റഗ്രേറ്റഡ് എം.എ. സോഷ്യൽ സയൻസസ്

ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് എന്നീ മൂന്നു മെയിൻ ഉൾക്കൊള്ളുന്നതാണ് സോഷ്യൽ സയൻസിലെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം. ബി.എ., എം.എ. കോഴ്സുകൾ സംയോജിപ്പിച്ചാണ് പഞ്ചവത്സര പ്രോഗ്രാം തയാറാക്കിയിട്ടുള്ളത്. മുപ്പതു സീറ്റുകളാണുള്ളത്. മൾട്ടി ഡിസിപ്ലിനറി പഠനപദ്ധതിയാണിത്. ഇന്റഗ്രേറ്റഡ് കോഴ്സിന്റെ ബി.എ. തലത്തിൽ ഇക്കണോമികസ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് പ്രോഗ്രാമുകളാണുള്ളത്. എം.എ. തലത്തിൽ ഡെവലപ്മെന്റ് സ്റ്റഡീസ്, ആന്ത്രപ്പോളജി, ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്, ഹിസ്റ്ററി, ഗാന്ധിയൻ സ്റ്റഡീസ്, പബ്ലിക് പോളിസി ആൻഡ് ഗവേണൻസ് സ്റ്റഡീസ്, ഹ്യൂമൻ റൈറ്റ്സ്, ആന്ത്രപ്പോളജി എന്നീ പ്രോഗാമുകളാണുള്ളത്. സാമ്പ്രദായിക വിഷയങ്ങളിലുള്ള കോഴ്സുകൾക്കു പുറമേ നൂതനമായ വിവിധ വിഷയങ്ങളും പഠനത്തിന്റെ ഭാഗമാകും. അധ്യാപകൻ മാർഗദർശിയാകുന്ന ഒരു സെമസ്റ്റർ പൂർണമായുള്ള ഫീൽഡ് വർക്ക് നിർബന്ധമാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുന്നതിനാൽ വിദ്യാർഥികൾക്ക് കൂടുതൽ പഠനാവസരങ്ങൾ ലഭ്യമാകും. ഔട്ട്കം ബേസ്ഡ് പാഠ്യപദ്ധതിയാണ് ഇതിനായി തയാറാക്കിയിട്ടുള്ളത്. പ്ലസ് ടു വിന് 60 ശതമാനം മാർക്കോടെ പാസാകുന്നവർക്കാണ് അപേക്ഷിക്കാൻ അവസരം ലഭിക്കുക. മൂന്നുവർഷം കഴിഞ്ഞാൽ എക്സിറ്റ് ഓപ്ഷൻ തെരഞ്ഞെടുത്ത് ബി.എ. കരസ്ഥമാക്കാം. അല്ലെങ്കിൽ സ്പെഷലൈസ്ഡ് വിഷയത്തിൽ പി.ജി. പൂർത്തീകരിക്കാം. ബന്ധപ്പെട്ട വിഷയങ്ങളിൽ ബി.എ.

വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സീറ്റൊഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ പി.ജി. പ്രോഗ്രാമിലേക്ക് ലാറ്ററൽ എൻട്രി സൗകര്യവുമുണ്ട്.

### ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ്

കെമിസ്ട്രി, ഫിസിക്സ്, ലൈഫ് സയൻസസ്, കമ്പ്യൂട്ടർസയൻസ്, എൺവയോൺമെന്റൽ സയൻസ് വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ് പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ് സി. പ്രോഗ്രാം. ത്രിവൽസര ഫൗണ്ടേഷൻ കോഴ്സായ ബി.എസ് സി.യും പി.ജി. കോഴ്സായ എം.എസ് സി.യും സംയോജിപ്പിച്ചാണ് ഇന്റഗ്രേറ്റഡ് പ്രോഗ്രാം തയാറാക്കിയിട്ടുള്ളത്. സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസിലാണ്(ഐ.ഐ.ആർ.ബി.എസ്) പ്രോഗ്രാം നടക്കുക. പ്രത്യേകം തയാറാക്കിയ ഇന്റർ/മൾട്ടി ഡിസിപ്ലിനറി പാഠ്യപദ്ധതിയാണ് പ്രോഗാമിനുള്ളത്. രാജ്യാന്തരനിലവാരത്തിലുള്ള പഠനം ലഭ്യമാകും. ശാസ്ത്ര വിഷയങ്ങൾക്ക് പുറമേ സോഷ്യൽ സയൻസ്, ഹ്യൂമാനിറ്റീസ്, വിദേശഭാഷകൾ ഉൾപ്പടെയുള്ള ഭാഷപഠനം എന്നിവയും പാഠ്യപദ്ധതിയുടെ ഭാഗമാണ്.

സ്പെഷ്യലൈസേഷൻ ചെയ്യുന്ന വിഷയങ്ങളിൽ ഉയർന്ന ശേഷി കൈവരിക്കാൻ കഴിയുന്ന നിലയിലാണ് പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്. അത്യാധുനിക ലാബ് സൗകര്യങ്ങൾ ലഭ്യമാകുന്നതിനൊപ്പം അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രായോഗിക പരിശീലനവും ലഭിക്കും. രാജ്യത്തെയും വിദേശത്തെയും പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോജക്റ്റ്, ഇന്റേൺഷിപ്പ് എന്നീ സൗകര്യങ്ങളടക്കം വിഭാവനം ചെയ്യുന്നതാണ് പാഠ്യപദ്ധതി. മൊത്തം 20 സീറ്റിലേക്കാണ് പ്രവേശനം. ഓരോ വിഷയത്തിലും നാലു സീറ്റ് വീതമാണുള്ളത്. സയൻസ് വിഷയത്തിൽ 60 ശതമാനം മാർക്കോടെയുള്ള ജയമാണ് യോഗ്യത.

### പ്രവേശനം

രാജ്യാന്തരതലത്തിൽ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനാൽ വിദ്യാർഥികൾക്ക് പ്രഗത്ഭരായ അധ്യാപകരുടെയും ശാസ്ത്രജ്ഞരുടെയും ക്ലാസുകളിലും സെമിനാറുകളിലും പങ്കെടുക്കാൻ രണ്ടു പ്രോഗാമുകളിലൂടെയും അവസരം ലഭിക്കും. വിദ്യാർഥികൾക്ക് രാജ്യാന്തരതലത്തിലുള്ള ഉന്നതവിദ്യാഭ്യാസ സാധ്യതകൾ പരിചയപ്പെടാം. ഈ അക്കാദമിക വർഷം പ്രോഗ്രാം ആരംഭിക്കും. ദേശീയതലത്തിൽ നടത്തുന്ന പ്രവേശനപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. കോവിഡ് 19 വ്യാപന സാഹചര്യത്തിൽ ഈ വർഷത്തെ പ്രവേശനപരീക്ഷ സംബന്ധിച്ച് തീരുമാനമായിട്ടില്ല. വിജ്ഞാപനം ഉടനുണ്ടാകും.

(പി.ആർ.ഒ/39/777/2020)

## പ്രാക്ടിക്കൽ മാറ്റിവച്ചു

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളജിൽ ഓഗസ്റ്റ് മൂന്നു മുതൽ നടത്താനിരുന്ന തേഡ് പ്രൊഫഷണൽ ബി.എ.എം.എസ്. മേഴ്സി ചാൻസ് പരീക്ഷയുടെ(2020 ഫെബ്രുവരി) പ്രാക്ടിക്കൽ പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/778/2020)

## എം.ജി.: ബി.എഡ്. മൂന്നാംസെമസ്റ്റർ ക്ലാസുകൾ ഓൺലൈനായി നടത്തണം

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള വിവിധ ബി.എഡ്. കോളജുകളിലെ മൂന്നാം സെമസ്റ്റർ ബി.എഡ്. ക്ലാസുകൾ ഓഗസ്റ്റ് മൂന്നു മുതൽ ഓൺലൈനായി ആരംഭിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു. ഇതുസംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങി.

(പി.ആർ.ഒ/39/779/2020)

## പരീക്ഷഫലം

2019 നവംബറിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്. 2017-2019 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/780/2020)

## റിസർച്ച് അസോസിയേറ്റ്, റിസർച്ച് ഫെലോ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസിലെ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ പ്രോജക്ടിൽ റിസർച്ച് അസോസിയേറ്റിന്റെയും സീനിയർ റിസർച്ച് ഫെലോയുടെയും ഒഴിവുണ്ട്. ഓരോ ഒഴിവ് വീതമാണുള്ളത്. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. യോഗ്യരായവർ ബയോഡേറ്റ, യോഗ്യത, പരിചയം, പബ്ലിക്കേഷനുകൾ എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം ഓഗസ്റ്റ് 10ന് വൈകിട്ട് അഞ്ചിനകം evramasamy@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ നൽകണം.

(പി.ആർ.ഒ/39/781/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ